അനിരുദ്ധ് കുമാർ ധർനി ഐ.എഫ്.എസ്.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഫോറസ്റ്റ് മാനേജ്മെന്റ്) &
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണവിഭാഗം) (പൂർണ്ണ അധിക ചുമതല)

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,
വഴുതക്കാട്
തിരുവനന്തപുരം - 695 014
കേരളം, ഇന്ത്യ
ഫോൺ/ഫാക്സ്: 0471 - 2338491
Email: apccf-admin.for@kerala.gov.in

**ഡി4-60288/2017** തീയതി: 05.07.2019

എല്ലാ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർക്കും.

സർ,

വിഷയം: ജീവനക്കാര്യം - അക്കൗണ്ടന്റ് ജനറലിന്റെ അനുമതി കൂടാതെ സേവന ആനുകൂല്യങ്ങൾ വകുപ്പുമുഖേന കൈപ്പറ്റുന്നത് - സംബന്ധിച്ച്.

സൂചന: പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ 26.12.2017-ലെ 18/17-ാം നമ്പർ സർക്കുലർ.

റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് അക്കൗണ്ടന്റ് ജനറലിന്റെ അനുമതി കൂടാതെ സേവന ആനുകൂല്യങ്ങൾ വകുപ്പുമുഖേന നൽകരുതെന്ന് സൂചന പ്രകാരം കർശന നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഇപ്പോഴും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വകുപ്പുമുഖാന്തിരം കൈപ്പറ്റുന്നതായി അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ സേവന ആനുകൂല്യങ്ങൾ വകുപ്പുമുഖാന്തിരം കൈപ്പറ്റുന്നത് അവസാനിപ്പിക്കേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകുന്നു.

കൂടാതെ പല റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെയും സേവന പുസ്തകം ഡിവിഷനുകളിലും മറ്റും സൂക്ഷിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സേവനപുസ്തകവുമായി ബന്ധപ്പെട്ട് നടപടികളൊന്നും അവശേഷിക്കുന്നില്ലായെങ്കിൽ ആയത് എത്രയും വേഗം ഹെഡ്ക്വാർട്ടേഴ്സിൽ സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. എല്ലാ ഡ്രായിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാരും സർവ്വീസ് ബുക്ക് ഹെഡ്ക്വാർട്ടേഴ്സിൽ അയച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) &
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം) (പൂർണ്ണ അധിക ചുമതല)

പകർപ്പ്: അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്) ന്
ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു.

*D:\Preetha 2019\Administration\D4\D4-60288-17 dt. 5.7.19(M).doc*